തിന് അനുമതിയുണ്ടാകുന്നതിന് വർഷങ്ങൾക്ക് മുൻപ് പി.എസ്.സി.യേയും, കോടതിയേയും സമീപിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാദേശിക സഹകരണ ബാങ്കുകളിലെ ജീവനക്കാരിൽ ഭൂരിപക്ഷം പേർക്കും എസ്.എസ്.എൽ.സി., ജെ.ഡി.സി. എന്നീ വിദ്യാഭ്യാസ യോഗ്യത മാത്രമേയുള്ളൂ. എന്നതുകൊണ്ട് പി.എസ്.സി. നടത്തുവാനിരിക്കുന്ന ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്, കാഷ്യർ നിയമന പരീക്ഷകളുടെ ഇംഗ്ലീഷ് ഭാഷാഭിരുചി നിർണ്ണയ ചോദ്യങ്ങൾ ഒഴികെയുള്ള ചോദ്യങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് മലയാളത്തിലും ഉത്തരമെഴുതുന്നതിന് തീരുമാനിക്കുന്നതിന് നടപടികൈക്കൊള്ളുമോ;

(സി) പി.എസ്.സി. പരീക്ഷകൾക്ക് മലയാളം നിർബന്ധമാക്കിയതിനാലും സഹകരണ വകുപ്പിന്റെ ഭരണ ഭാഷ മലയാളമായതിനാലും സഹകരണ വകുപ്പിലെ ആണ് സൂപ്പർവൈസറി തസ്തികകളിലെ നിയമനങ്ങളുടെ പരീക്ഷകൾക്ക് ഇംഗ്ലീഷ് ഭാഷാഭിരുചി നിർണ്ണയിക്കുന്ന ചോദ്യങ്ങൾ ഒഴികെ വരുന്ന ചോദ്യങ്ങൾക്ക് മലയാളത്തിലും ഉത്തരമെഴുതാൻ അനുമതിയുണ്ടാകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ക്ലാസ്സ് 4 ജീവനക്കാരിൽ നിന്ന് എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമനം

(1509)ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്ക് നിയമിക്കുന്നതിന് എത്ര ശതമാനം തസ്തികകളാണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കഴിഞ്ഞ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ ഭാഗമായി ഇതിന്റെ ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ശതമാനമാക്കിയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്;

(ഡി) ഏതു തീയതി മുതലാണ് ഇത് നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതു സംബന്ധിച്ച ഉത്തരവിന്റെ നമ്പർ ഏതാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് ശതമാനം

(ബി)-(ഇ) നിലവിലുള്ള അഞ്ച് ശതമാനം, പത്ത് ശതമാനമായി ഉയർത്തണമെന്ന 1997 ലെ പേ-റിവിഷൻ കമ്മിറ്റിയുടെ ശുപാർശയിന്മേൽ പി.എസ്.സി.യുമായി ആലോചിച്ചു പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly